**പതിനാലാം കേരള നിയമ സഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര** ചിഹ്നമിടാത്ത **ചോദ്യം** നമ്പർ. **3942** **11.11.2019 - ൽ മറുപടിയ്ക്ക്**

**നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമം**

**ചോദ്യം**

**ശ്രീ.അൻവർ സാദത്ത്**

(എ) പുതിയ മെഡിക്കൽ കോളേജുകൾ അനുവദിക്കുന്നതിന് കൂടുതൽ ഉദാരവ്യവസ്ഥകൾ നാഷണൽ മെഡിക്കൽ കമ്മീഷൻ നിയമത്തിൽ ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ നിയമത്തിൽ നിർദ്ദേശിക്കുന്നില്ല എന്നതും അപേക്ഷകർക്ക് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള സാമ്പത്തികശേഷി ഉണ്ടോ എന്ന് മാത്രം പരിശോധിച്ചാൽ മതിയെന്നുമുള്ള നിബന്ധന സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ മേഖലയെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജുകൾ പരിശോധിക്കുവാൻ സർക്കാർ

**മറുപടി**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി)**

(എ) (ബി) (സി) & (ഡി) നാഷണൽ മെഡിക്കൽ കമ്മീഷൻ ബിൽ നിയമമാക്കുന്നതിന് മുൻപ് തന്നെ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. രജിസ്ട്രാർ, ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ ഉൾപ്പെടുന്ന ഒരു വിദഗ്ധ സമിതിയെ കൊണ്ട് ഇക്കാര്യം സമഗ്രമായി പഠിച്ച് ആശങ്കകൾ ഉണ്ടെങ്കിൽ ആയതു കേന്ദ്ര സർക്കാരിനെ അറിയിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

ഏജൻസിക്ക് പുറമെ, സ്വകാര്യ ഏജൻസികളെ നിയോഗിക്കാമെന്ന ഉദാരവ്യവസ്ഥ സ്വകാര്യ മേഖലയെ വഴിവിട്ട് സഹായിക്കുന്ന ഒന്നാണെന്ന് വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി ) രാജ്യത്തെ ആരോഗ്യ ,വൈദ്യ, വിദ്യാഭ്യാസ മേഖലയെ കൂടുതൽ ആരാജകത്വത്തിലേക്ക് നയിക്കുന്ന നിബന്ധനകൾ ഉൾക്കൊള്ളുന്ന പ്രസ്തുത നിയമം സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അവകാശങ്ങൾ കവർന്നെടുക്കുന്നതും ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്നതുമാകയാൽ അതിനെതിരെ സർക്കാരിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ ;വിശദമാക്കുമോ?

സെക്ഷൻ ഓഫീസർ